DESPATCHED
On. 2/4/22...

29/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2408(2)/2018**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **12485**/എസ്.ഐ.സി-ജി 6/18)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ.ചന്ദ്രൻ പി.റ്റി.,**
**ബ്രദേഴ്സ് ബേക്കറി,**
**റൂം നമ്പർ 29/892, 29/893,**
**അമ്പിളി ബിൽഡിംഗ്, കോട്ടൂളി,**
**കോഴിക്കോട് – 673 016.**

} **അപ്പീൽ ഹർജിക്കാരൻ**

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   അസിസ്റ്റന്റ് എഞ്ചിനീയർ,
   മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
   കോഴിക്കോട്.

2. അപ്പീൽ അധികാരി,
   മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
   കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.06.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05.10.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 28.07.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05.10.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29.10.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 03.11.2018 |
| ഹിയറിംഗ് നടന്ന തീയതി | 08.03.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭ്യമായില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 08.06.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 05.10.2018ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ യഥാസമയം മറുപടി ലഭിക്കാത്തതിനാൽ 31.07.2018ലെ അപ്പീൽ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട പ്രകാരം ടിപി6/99775/16 നമ്പർ ഫയൽ പരിശോധിച്ചതിൽ 07.04.2018ന് ഹർജിക്കാരൻ നൽകിയ പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടില്ല എന്ന വിവരം അറിയിക്കുന്നുവെന്നും ടിപി6/99775/16 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ നോട്ട് ഷീറ്റിന്റെ പകർപ്പ് ഇതോടൊപ്പം സൗജന്യമായി അയച്ചു നൽകുന്നുവെന്നുമാണ്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 27.09.2018ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഇ8/74008/87 നമ്പർ കെട്ടിട നിർമ്മാണ അനുവാദ പത്രം പ്രകാരം അനുമതി ലഭിച്ചതിൽ നിന്നും വ്യതിചലിച്ച് ശ്രീ.വാസുദേവകുറുപ്പ് എന്നവർ നടത്തിയ നിർമ്മാണങ്ങൾ സംബന്ധിച്ച് ഹർജിക്കാരൻ കോഴിക്കോട് നഗരസഭയിൽ ടിപി6/99775/16 നമ്പർ പ്രകാരം സമർപ്പിച്ച പരാതിയിലേക്ക് വിവരാവകാശ നിയമ പ്രകാരം നൽകിയ അപേക്ഷകളിന്മേൽ എസ്.പി.ഐ.ഒ. മറുപടി നൽകാതിരുന്നത് ഗുരുതരമായ വീഴ്ചയായി കണ്ടുകൊണ്ട് ടിയാൻ ആവശ്യപ്പെട്ടതും ഓഫീസിൽ ലഭ്യമായതുമായ മുഴുവൻ വിവരങ്ങളും ടിപി6/99775/16 നമ്പർ ഫയലിലെ മുഴുവൻ നോട്ട് ഷീറ്റും 7 ദിവസത്തിനകം ഹർജിക്കാരന് സൗജന്യമായി നൽകി ആയതിന്റെ പകർപ്പ് അപ്പീൽ അധികാരിക്ക് സമർപ്പിക്കണമെന്ന് ഉത്തരവാകുയും ചെയ്തു. കൂടാതെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് അർഹിക്കുന്ന ഗൗരവത്തോടെയും പ്രാധാന്യത്തോടെയും കൂടി മറുപടി നൽകേണ്ടതാണെന്നും എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ 08.06.2018ലെ അപേക്ഷയ്ക്ക് 05.10.2018ലാണ് മറുപടി നൽകിയതായി കാണുന്നത്. ഏകദേശം നാലു മാസത്തോളം കാലതാമസം വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

4. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 29–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/